# ശബരി മലയിലെ നിർമ്മാണ പ്രവർത്തനങ്ങൾ തടയണം : പഠന റിപ്പോർട്ട്

സ്വന്തം ലേഖകൻ

കോട്ടയം: ശബരിമലയിലെ നിർമ്മാണപ്രവർത്തനങ്ങൾ പൂർണ്ണമായും നിരോധിക്കണമെന്ന് മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് സോഷ്യൽ സയൻസ് നടത്തിയ പഠനറിപ്പോർട്ടിൽ നിർദ്ദേശിക്കുന്നു. ശബരിമലയിൽ നടത്തിയിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് ഇണങ്ങാത്തതാണെന്നും ഇത് പൂർണ്ണമായും വി. ഐ. പി. കളുടെ താൽപര്യങ്ങൾക്ക് വേണ്ടിയാണെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്.

ശബരിമല നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ തടയാനായി ഒരു മാസ്റ്റർ പ്ലാനും സ്കൂൾ ഓഫ് സോഷ്യൽ സയൻസ് മുന്നോട്ട് വെച്ചിട്ടുണ്ട്. ഇത് പ്രകാരം വാഹനങ്ങളുടെ പാർക്കിങ്ങിനും താമസസൗകര്യങ്ങൾക്കുമായി പ്ലാന്റേഷൻ കോർപ്പറേഷന്റെ നിലയ്ക്കൽ എസ്റ്റേറ്റ് ഏറ്റെടുക്കണം. നിലയ്ക്കലിൽ നിന്ന് ശബരി മലയിലേക്ക് ക്യൂ സിസ്റ്റം ഏർപ്പെടുത്തണമെന്നും റിപ്പോർട്ടുണ്ട്. പമ്പയിലെ കുളിസ്ഥലം നിയന്ത്രണം ഏർപ്പെടുത്തേണ്ടതുണ്ട്. മുങ്ങിക്കയറാവുന്ന രീതിയിൽ മാത്രമാക്കി ഇവിടത്തെ കുളി ചുരുക്കണം. സോപ്പും മറ്റും ഉപയോഗിക്കുന്നതും വസ്ത്രങ്ങളും മറ്റു മാലിന്യങ്ങളും പുഴയിലേക്കൊഴുക്കുന്നതും തടയേണ്ടതുണ്ട് എന്നും റിപ്പോർട്ടിൽ പറയുന്നു.

ശബരി മലയിൽ പ്ലാസ്റ്റിക്ക് പൂർണ്ണമായും നിരോധിക്കണമെന്നാണ് മറ്റൊരു നിർദ്ദേശം സന്നിധാനത്തെ കച്ചവടങ്ങൾ പൂർണ്ണമായും നിരോധിക്കേണ്ടതുണ്ടെന്നും റിപ്പോർട്ട് പറയുന്നു. ശബരിമലയിലെ പാരിസ്ഥിതിപ്രശ്നങ്ങൾക്ക് കാരണം അനിയന്ത്രിതമായ തീർത്ഥാടക പ്രവാഹമാണെന്നും ഇതിന് തടയിടാൻ ശബരിമല നട ഏതാണ്ടെല്ലാ ദിവസവും തുറക്കാനും സംവിധാനം ഉണ്ടാകണമെന്നും റിപ്പോർട്ട് പറയുന്നു.

ശബരിമലയിലെ വികസനത്തിനായി വനഭൂമി വിട്ടുകിട്ടാൻ ഒരു തരത്തിലും കേന്ദ്രവനപരിസ്ഥിതി മന്ത്രാലയം അനുമതി നൽകില്ല എന്നിരിക്കെ ഈ പുതിയ മാസ്റ്റർ പ്ലാൻ അംഗീകരിക്കേണ്ടിവരും. അങ്ങിനെയാണെങ്കിൽ മിക്കവാറും ഏപ്രിൽ മാസത്തോടെ പുതിയ റിപ്പോർട്ടിന് അംഗീകാരമാകും. ശബരിമലയ്ക്ക് താങ്ങാവുന്ന ജനസംഖ്യസംബന്ധിച്ച് പഠനം നടത്തിയ പീച്ചി കെ. എഫ്. ആർ. ഐ. യിലെ ഡോ. ശങ്കറിന്റെ റിപ്പോർട്ടിലെ പല നിരീക്ഷണങ്ങളോടും യോജിക്കുന്നതാണ് പുതിയ റിപ്പോർട്ട്.

**സമകാലികം** **മധുസൂദനൻ കെ. ബി.**

